(ബി) തിരുവനന്തപുരം ജില്ലയിൽ അപ്രകാരം ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത കാലയവിൽ 2852 റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.††

സ്റ്റേറ്റ് ഹൈവേകളുടെ അറ്റകുറ്റപ്പണികൾ

89 [402] ശ്രീ. ചെർക്കളം അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ സംസ്ഥാനത്ത് മരാമത്ത് വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഹൈവേയുടെ ആകെ നീളം എത്രയായിരുന്നു;

(ബി) 2005-ൽ അത് വർദ്ധിച്ചിട്ടുണ്ടോ;

(സി) സ്റ്റേറ്റ് ഹൈവേകളിൽ മെയിന്റനൻസ് നടത്താതെ ഗതാഗത യോഗ്യമല്ലാത്ത ഏതെങ്കിലും റോഡുകളുണ്ടോ;

(ഡി) ഈ റോഡുകളുടെ മെയിന്റനൻസ് നടത്തി സഞ്ചാര യോഗ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-12-2004-ലെ കണക്ക് അനുസരിച്ച് 3784.717 കി. മീ.

(ബി) ഉണ്ട്. 108.92 കി. മീ.

(സി) ഇല്ല.

(ഡി) ബാധകമല്ല.

പഞ്ചായത്ത് റോഡുകൾ ജില്ലാ റോഡുകളാക്കാൻ നടപടി

90 [403] ശ്രീ. പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, കെ. എൻ. എ. ഖാദർ:
,, നാലകത്ത് സൂപ്പി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം XII
†† അനുബന്ധം XII A

LIBRARY ARCHIVES Kerala Legislative Assembly